# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

## സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി.

### ജി എം എൽ പി സ്കൂൾ മണലിപ്പുഴ

ആമുഖം.;

തിരൂരങ്ങാടി വിദ്യാഭ്യാസ ജില്ലയിൽ താനൂർ ഉപജില്ലയിലെ ഒഴൂർ പഞ്ചായത്തിൽ ഏഴാം വാർഡ് മണലിപ്പുഴ എന്ന പ്രദേശത്ത് വിജ്ഞാന വെളിച്ചം നൽകി നിലകൊള്ളുന്ന അക്ഷര പള്ളിക്കൂടമാണ് ഈ വിദ്യാഭ്യാസ സ്ഥാപനം. 50 നൂറ്റാണ്ടിന്റെ പാരമ്പര്യമുള്ള കൃത്യമായി പറഞ്ഞാൽ 1973 നാടിന്റെ വിജ്ഞാന പുരോഗതി ലക്ഷ്യമാക്കി അന്നത്തെ പൗരപ്രമുഖരും വിദ്യാസമ്പന്നരും സാമൂഹ്യ പരിഷ്കർത്താക്കളുമായ ഒരു കൂട്ടം ആളുകളുടെ ശ്രമഫലമായിട്ടാണ് 1973ല് തംരീനു സ്വിബ്യാൻ മദ്രസയിൽ ഈ വിദ്യാലയത്തിന് തുടക്കം കുറിച്ചത്. പിന്നീട് മണലിപ്പുഴ എന്ന ഒരു കുന്നിൻ പ്രദേശത്ത് ഒരേക്കറോളം സ്ഥലം വാങ്ങി ചെറിയ കെട്ടിടം പണിത് സ്കൂൾ മാറ്റി സ്ഥാപിക്കുകയായിരുന്നു. തുടർന്ന് പ്രദേശത്തെ ആളുകളുടെ ശ്രമഫലമായി സർക്കാരിന്റെ പിന്തുണയോടെ വിദ്യാലയത്തിന് സ്വന്തമായി കെട്ടിടം പണിയുകയും മറ്റു ഭൗതിക സൗകര്യങ്ങൾ ലഭ്യമാക്കുകയും ചെയ്തു . ഇന്ന് 83 കുട്ടികളും 6 അധ്യാപകരും ഒരുമിച്ച് വിജ്ഞാനത്തിന്റെ മധു നുകർന്നുകൊണ്ടിരിക്കുന്ന ഈ വിദ്യാലയം കഴിഞ്ഞ കാലയളവിൽ ഒരുപാട് അക്കാദമിക നേട്ടങ്ങൾ കരസ്ഥമാക്കിയിട്ടുണ്ടെങ്കിലും ഇനിയും ധാരാളം പശ്ചാത്തല സൗകര്യങ്ങളും പുരോഗതി ലഭ്യമാക്കേണ്ടതുണ്ട്.

**ലക്ഷ്യങ്ങൾ: അക്കാദമികം**:

- സ്കൂളിൽ എത്തുന്ന മുഴുവൻ കുട്ടികളും ഭാഷാ,ഗണിത, ശാസ്ത്ര വിഷയങ്ങളിൽ അടിസ്ഥാനം ശേഷികൾ നേടും എന്ന് ഉറപ്പുവരുത്തുക.
- കുട്ടികളുടെ രചന, വായന, ആസ്വാദനശേഷികൾ വർദ്ധിപ്പിക്കുക. ജനാധിപത്യ മര്യാദകൾ, സാമൂഹിക ശീലങ്ങൾ, ലഹരിക്കെതിരെയുള്ള പ്രതിരോധം എന്നിവ ആർജ്ജിക്കുന്നു. ചതുഷ്ക്രിയകൾ ഉപയോഗിച്ച് പ്രശ്നങ്ങൾ നിർദാനം ചെയ്യാനുള്ള ശേഷി നേടുക.
- രൂപങ്ങൾ തിരിച്ചറിയുന്നു.
- ആശയങ്ങൾഉൾകൊണ്ട് ഒഴുക്കോടെ വായിക്കാനുള്ള കഴിവ്.

**സാമൂഹികം.**

- മികച്ച അധ്യയന, പഠന സൗകര്യങ്ങൾ ഒരുക്കി പ്രദേശത്തെ ഏറ്റവും മികച്ച വിദ്യാലയം ആക്കി മാറ്റുക.
- സ്കൂളിലെത്തുന്ന മുഴുവൻ കുട്ടികളെ അക്കാദമി നിലവാരത്തിന്റെ ഉയർന്ന തലങ്ങളിൽ എത്തിക്കുക.
- പ്രദേശത്തു നിന്നുമുള്ള മുഴുവൻ കുട്ടികളെയും സ്കൂളിൽ എത്തിക്കുക.
- പ്രദേശത്തെ സാമൂഹിക പുരോഗതിയിൽ സാധ്യമാകുന്ന പങ്കാളിത്തം നിർവഹിക്കുക.
- സ്കൂളിന്റെ മുഴുവൻ കാര്യങ്ങളിലും മികച്ച പിന്തുണ നൽകുന്ന സജീവമായ അധ്യാപക രക്ഷാകർത്ത് സമിതി.

മികച്ച ഭൗതിക സൗകര്യങ്ങൾ ഒരുക്കുക

**<u>. പാശ്ചാത്തല സൗകര്യങ്ങൾ</u>**

- മികച്ച ഗ്രൗണ്ട് സംവിധാനിക്കുക.
- ആധുനിക സൗകര്യങ്ങളോടുകൂടിയുള്ള ഭക്ഷണ ഹാൾ, പാചകപ്പുര എന്നിവ സംവിധാനിക്കുക.
- മുഴുവൻ ക്ലാസുകളിലും ആധുനിക രീതിയിലുള്ള സാങ്കേതിക ഉപകരണങ്ങൾ ലഭ്യമാക്കുക.
- മികച്ച ലൈബ്രറി സജ്ജീകരിക്കുക.

**<u>അക്കാദമിക മികവുകൾ.</u>**
<u>വിശകലനം:</u>

സ്കൂളിൽ എത്തുന്ന മുഴുവൻ കുട്ടികൾക്കും മികച്ച പഠനാന്തരീക്ഷം സജ്ജീകരിക്കുവാൻ പരിണിതപ്രജ്ഞരായ അധ്യാപകരുടെ സഹായത്താൽ സാധിക്കുന്നു.
കഴിഞ്ഞവർഷം എൽഎസ്എസ് പരീക്ഷയിൽ മികച്ച വിജയം നേടാൻ സാധിച്ചു. ആകെ പരീക്ഷ എഴുതിയ കുട്ടികൾ പകുതി പേരും സ്കോളർഷിപ്പിന് അർഹമായി.

**സംവിധാനങ്ങൾ:**

ടൈൽ പതിച്ച ക്ലാസ് റൂമുകൾ.
സൗകര്യമുള്ള ടോയ്ലറ്റുകൾ.
**<u>പരിമിതികൾ;</u>**

- രക്ഷിതാക്കളുടെ പിന്തുണ കുറവ്.
- ആധുനിക വിദ്യാഭ്യാസം സാധ്യമാകുന്ന ഡിജിറ്റൽ ഉപകരണങ്ങളുടെ കുറവ്.
- ലൈബ്രറി,
- സാമൂഹ്യ,ശാസ്ത്ര, ഗണിത ലാബുകളുടെ അഭാവം.
- ഭാഷാ ലാബുകളുടെ കുറവ്.
- സൗകര്യം കുറഞ്ഞ ചെറിയ പാചകപ്പുര.
- കുട്ടികൾക്ക് സുരക്ഷിതമായി ഇരുന്ന് ഭക്ഷണം കഴിക്കാവുന്ന ഭക്ഷണ ഹാളിന്റെ അഭാവം.
- കുട്ടികൾക്ക് കായിക വളർച്ചക്കുതകുന്ന മികച്ച ഗ്രൗണ്ടിന്റെ അഭാവം.
- കുടിവെള്ള സൗകര്യങ്ങളുടെ അപര്യാപ്തത.
- ക്ലാസുകളിൽ കമ്പ്യൂട്ടറുകൾ മറ്റ് ഡിജിറ്റൽ സൗകര്യങ്ങളുടെ കുറവ്.
- മികച്ച ലൈബ്രറിയുടെ അഭാവം.
-

## പ്രതീക്ഷിത ലക്ഷ്യങ്ങൾ:

**അക്കാദമികം**:

- സ്കൂളിലെത്തുന്ന മുഴുവൻ കുട്ടികൾക്കും

ഭാഷാ ശേഷികൾ പൂർണമായി ആർ ജിക്കാൻ ആവശ്യമായ സാഹചര്യമൊരുക്കുക.

- ഗണിതശാസ്ത്ര ത്തിലെ മുഴുവൻ ശേഷികളും നേടിയെടുക്കാനുള്ള സാഹചര്യം കുട്ടികൾക്കു ലഭ്യമാക്കുക.
- ശാസ്ത്രാവബോധം, ജീവിതത്തിലെ വിവിധ സന്ദർഭങ്ങളെ ശാസ്ത്രീയ കാഴ്ചപ്പാടോടുകൂടി നോക്കി കാണാനുള്ള കഴിവ്.
- പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെടാനുള്ള കഴിവ്.
- കുട്ടികളുടെ നൈപുണികൾ വികസിപ്പിക്കാനുള്ള സംവിധാനം ഒരുക്കുക.
- സ്വന്തമായി സാഹിത്യ രചനകളിൽ ഏർപ്പെടുക,
- ഇഷ്ടമുള്ള വിഷയത്തെക്കുറിച്ച്

സ്വതന്ത്രമായി സംസാരിക്കുവാൻ സാധിക്കുക.

- വായനാശീലം വളർത്തിയെടുക്കുക.
- ഇംഗ്ലീഷ്,മറ്റു ഭാഷകൾ ആയാസത്തോടെ കൈകാര്യം ചെയ്യാൻ സാധിക്കുക.

**<u>പാശ്ചാത്തല സൗകര്യങ്ങൾ</u>**

- SMART CLASS ROOMS
- OPEN STAGE

- ELECTRIFICATION
- ആധുനിക സൗകര്യങ്ങളോടുകൂടിയ ഗ്രൗണ്ട്,
- പാചകപ്പുര,
- ഭക്ഷണ ഹാൾ സംവിധാനിക്കുക.
- വിവിധ ശാസ്ത്ര, ഭാഷാ ലാബുകൾ.
- ലൈബ്രറി.
- കമ്പ്യൂട്ടറുകൾ,
- മറ്റു ഡിജിറ്റൽ സംവിധാനങ്ങൾ..
-

## തനത് പ്രവർത്തനങ്ങൾ

1️⃣ വിജയസ്മിതം
2️⃣ ലിറ്റിൽ സ്കോളേഴ്സ്.
3️⃣ENGLISH EXCELLENCE.
4️⃣ വായനാ വസന്തം.

### 1️⃣ വിജയ് സ്മിതം പദ്ധതി:

**ലക്ഷ്യം..:** ഓരോ ക്ലാസിൽ നിന്നും അടിസ്ഥാനപഠന ശേഷികൾ പൂർണമായി സ്വയമാക്കാൻ സാധിക്കാത്ത കുട്ടികളെ പ്രത്യേകം തിരഞ്ഞെടുത്തു പഠന പുരോഗതി ഉറപ്പുവരുത്തുന്ന പദ്ധതിയാണിത്.

വർഷാവസാനം ആവുംമ്പോഴേക്കും മുഴുവൻ കുട്ടികൾക്കും ഭാഷാ ഗണിതശാസ്ത്ര വിഷയങ്ങളിലെ അടിസ്ഥാനശേഷികൾ ആർജിച്ചു എന്ന് ഉറപ്പുവരുത്തുക.

## പ്രവർത്തനങ്ങൾ.

**ജൂൺ:**

1. പ്രീ ടെസ്റ്റ്: കുട്ടികളെ കണ്ടെത്തുക.
2. ക്ലാസ് പിടിഎ

**ജൂലൈ**:

3. വിദഗ്ധരുടെ ക്ലാസ്
4. മൊഡ്യൂൾ നിർമ്മാണം
5. തുടക്കം

**ആഗസ്റ്റ്**:

6. കളിയും കാര്യവും

7. അക്ഷര കേളി

**സെപ്റ്റംബർ**

8. അക്ഷരജാലകം
9. വാക്കും പൊരുളും.

**ഒക്ടോബർ**:

10. ഗണിതം മധുരം
11. ശാസ്ത്ര വിചാരം
12. മൂല്യനിർണയം

**നവമ്പർ**.

13. ക്ലാസ് പിടിഎ
14. അമ്മയും കുഞ്ഞും.

**ഡിസംബർ**:

15.വായന ലോകം
16. രചന സിദ്ധി

**ജനുവരി**

17. പുതുവർഷം, നവജീവൻ
18. മൂല്യനിർണയം
19. ക്ലാസ് പിടിഎ

**ഫെബ്രുവരി**

20. വിദ്യാ വിജയം
21. പ്രവർത്തി പരിചയം.

**മാർച്ച്**:

22. വിജയസ്മിതം.
23. പഠനോത്സവം.

## 2️⃣ ലിറ്റിൽ സ്കോളേഴ്സ്.

**ലക്ഷ്യം**: പഠനത്തിൽ മികവ് പുലർത്തുന്നവരെ പ്രത്യേകം തെരഞ്ഞെടുത്ത കൂടുതൽ മികവുകളിൽ എത്തിക്കുന്ന

പദ്ധതിയാണിത്.ഭാഷ ഗണിതം സാമൂഹ്യ , അടിസ്ഥാനശാസ്ത്രങ്ങൾ, ഇംഗ്ലീഷ്, പ്രവർത്തിപരിചയം, കായികം എന്നീ മേഖലകളിൽ  പ്രത്യേകം പരിശീലനം നൽകുക.

**പ്രവർത്തനങ്ങൾ**:

പ്രീടെസ്റ്റ്,
ക്ലാസ് പിടിഎ,
അഭിരുചി പരീക്ഷ
മോട്ടിവേഷൻ ക്ലാസ്,
ഗണിതശാല,
സാഹിത്യ ശില്പശാല
ശാസ്ത്രലോകം,
ഇംഗ്ലീഷ് എക്സലൻസ്,
കായിക പരിശീലനം,
പ്രവർത്തി പരിചയം.
വിലയിരുത്തൽ
മികവ് അവതരണം.
അംഗീകാരം നൽകൽ.

3️⃣**<u>ENGLISH EXCELLENCE</u>**..

Activities:

1.PRE TEST
2.LISTENING EXPERIENCE
3.SPEAKING SKILL
4.READING CORNER
4.WRITING WORK SHOP
5.ENGLISH FEST
6.EXPERT CLASS FOR KIDS AND PARENTS.

4️⃣ **വായനാ വസന്തം.**

**ലക്ഷ്യം** : കുട്ടികളെ, രക്ഷിതാക്കൾ വിശേഷിച്ച് മാതാക്കളെ വായനയുടെ ലോകത്തേക്ക് എത്തിക്കുക. വായന സംസ്കാരം കുട്ടികളിലേക്ക് പകർന്നു നൽകുക.
ഓരോ ആഴ്ചയും വീടുകളിലേക്ക് എത്തിക്കുന്ന പുസ്തകങ്ങൾ വായിച്ച് വായനക്കുറിപ്പുകൾ സഹിതം തിരിച്ചേൽപ്പിക്കുന്ന പദ്ധതിയാണിത്.

അവസാനം മികച്ച വായനക്കാരെ തിരഞ്ഞെടുക്കുന്നു. അംഗീകാരം നൽകുന്നു.

**<u>പ്രവർത്തനങ്ങൾ.</u>**

- ഉദ്ഘാടനം.
- വായനാക്കുറിപ്പ് നിർമ്മാണം - ശില്പശാല
- വീട്ടിൽ ഒരു ലൈബ്രറി.
- വായന മത്സരങ്ങൾ.

**പിന്തുണ:**

PTA
BRC
പ്രാദേശിക സംവിധാനങ്ങൾ
തദ്ദേശ സ്വയംഭരണ സ്ഥാപനം.
DIET.
SCERT
EDUCATION DEPT.

**സമാപനം**: 2025 ജൂൺ മുതൽ മാർച്ച് ഓടുകൂടി നടക്കുന്ന വ്യത്യസ്ത അക്കാദമിക പ്രവർത്തനങ്ങളിലൂടെ സ്കൂളിൽ എത്തുന്ന മുഴുവൻ കുട്ടികൾക്കും അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം നൽകുക എന്ന സർക്കാരിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയും ലക്ഷ്യം നേടിയെടുക്കുക എന്നതാണ് ഈ അക്കാഡമിക് മാസ്റ്റർ പ്ലാനിന്റെ ആത്യന്തിക ലക്ഷ്യം. അതോടൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സർക്കാരിന്റെയും പിന്തുണയോടു കൂടി അന്താരാഷ്ട്ര നിലവാരത്തിലുള്ള മികച്ച ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക. അതുവഴി പ്രദേശത്ത് മുഴുവൻ കുട്ടികളെയും സ്കൂളിൽ എത്തിക്കുക എന്ന ലക്ഷ്യം നേടിയെടുക്കാനും ഈ മാസ്റ്റർ പ്ലാൻ ഈ ഭാവനം ചെയ്യുന്നു.

.